കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.lfa.kerala.gov.in

# കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി 17-1642/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി – 04.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം -കേരളശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി17-1642/2019 തീയതി – 04.02.2020

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-11-2018 മുതൽ 27-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.11.2019മുതൽ 7.12.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | ശ്രീ.കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| 2 | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.രാമകൃഷ്ണൻ.കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.കന്തസ്വാമി.ഐ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ശ്രീമതി.ബിന്ദു കൃഷ്ണദാസ് | പ്രസിഡന്റ് | 1-4-2018മുതൽ<br>31-3-2019വരെ |
| ശ്രീ.ബാലകൃഷ്ണൻ പുളിക്കൽ | സെക്രട്ടറി | 1-4-2018മുതൽ<br>31-3-2019വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഹരികൃഷ്ണൻ.വി | 1-4-2018മുതൽ<br>17-06-2018വരെ |
| | ശ്രീമതി.തുളസി.കെ | 18-6-2018മുതൽ<br>31-03-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീമതി.കൃഷ്ണപ്രിയ | 1-4-2018മുതൽ 31-03-2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രഹ്ന രവീന്ദ്രൻ | 1-4-2018മുതൽ<br>31.3.19വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.ലത.പി.എൻ | 1-4-2018മുതൽ<br>6-3-2019വരെ |
| | ഡോ.അർച്ചന | 7-3-2019മുതൽ<br>31-3-2019വരെ |
| വെറ്ററിനറി സർജൻ | ശ്രീജിത്ത്.വി.വി | 1-4-2018മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.ഷൈലജ.കെ | 1-4-2018മുതൽ 18-5-2018വരെ |
| | ശ്രീമതി. രമാദേവി.എൻ.കെ | 19-5-2018മുതൽ 31-3--2019 വരെ |
| കൃഷി ഓഫീസർ | ശ്രീകുമാർ | 1-4-2018മുതൽ 31-7--2018 വരെ |
| | ശ്രീമതി.രേഷ്മ.എൻ.ടി | 1.8.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുശീല.ടി.ആർ | 1-4-2018മുതൽ 31-03-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു.എൻ | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബിന്ദുഎസ്.എസ് | 1-4-2018മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എസ്.രാധാകൃഷ്ണൻ | 1-4-2018മുതൽ 31-3-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | അനധികൃത കെട്ടിടനിർമ്മാണം-നടപടികൾ സ്വീകരിച്ചിട്ടില്ല | 1-11 |
| 12 | വസ്തുനികുതി- പുതിയതായി കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിലുള്ള അപാകതകൾ | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-13 |
| 14 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-14 |
| 15 | രസീതി പരിശോധന- അപാകതകൾ | 1-15 |
| 16 | തൊഴിലുറപ്പ് പദ്ധതി-വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. | 1-16 |
| 17 | പശു വിതരണം പദ്ധതി-നടത്തിപ്പിലെ അപാകതകൾ | 1-17 |
| 18 | സമഗ്രനെൽകൃഷി വികസനം -ഫണ്ട് വിതരണത്തിലെ അപാകതകൾ | 1-18 |
| 19 | തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | ലൈഫ് പദ്ധതി- അവലോകനം | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തി-കരാർ വെക്കാതെ തുക നൽകി | 1-21 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് യു പി എസ് വാങ്ങൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-22 |
| 23 | ഫോട്ടോസ്റ്റാറ്റ് ചാർജ്ജ് കുറവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 24 | ശമ്പള പരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. | 1-24 |
| 25 | വടശ്ശേരി അങ്കണവാടി നിർമ്മാണം- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-25 |
| 26 | ആരോഗ്യ പ്രചാരണ പരിപാടികൾ -ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല | 1-26 |
| 27 | തൊഴിൽ രഹിത വേതനം -അർഹതയില്ലാത്തവർക്ക് നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 28 | ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു | 1-28 |

| | | |
|---|---|---|
| 29 | മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ കുറവായി ഈടാക്കിയത് ക്രമപ്രകാരമല്ല | 1-29 |
| 30 | പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല | 1-30 |
| 31 | നവീകരണ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല | 1-31 |
| 32 | നീക്കം ചെയ്ത പഴയ മോട്ടോർ പഞ്ചായത്തിൽ ഏല്പിച്ചില്ല | 1-32 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിലെ പൊതു അപാകങ്ങൾ | 1-33 |
| 34 | ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-34 |
| 35 | പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കു പുറത്ത് നിർവ്വഹിച്ചു. | 1-35 |
| 36 | പട്ടികജാതി വനിത വിപണന പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമായില്ല | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി- രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-37 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 39 | ഇല്ല | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 40 | ഇല്ല | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 49 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 52 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം |

| | | |
|---|---|---|
| | | – 1 |
| 53 | വിവിധ പത്രികകൾ – സംക്ഷിപ്തം | അനുബന്ധം – 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.3.2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് – 38798171

വരവ് – 123217000

ആകെ – 162015171

ചെലവ് – 110670800

നീക്കിയിരുപ്പ് – 51344371

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 8-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 961934 |
| വരവ് | 51652827 |
| ആകെ | 52614761 |
| | |

| | |
|---|---|
| ചെലവ് | 49463008 |
| നീക്കിയിരിപ്പ് | 3151753 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8887000 | 8887000 | 8633057 | 253943 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6429000 | 6429000 | 6429000 | 0 |
| വികസന ഫണ്ട്-സി.എഫ്.സി | 0 | 4125000 | 4125000 | 3873539 | 251461 |
| മെയിന്റനൻസ്, റോഡ് | 0 | 7058000 | 7058000 | 7058000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2139904 | 640096 |
| NREGS- Admin | 2901 | 0 | 2901 | 70997 | 3425 |
| - EFMS | | 27028553 | 27028553 | 27028553 | 0 |
| ദുരിതാശ്വാസനിധി | 6845 | 21000 | 27845 | 616 | 27229 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (STSB ) | 0 | 3125456 | 3125456 | 3104262 | 21194 |
| തൊഴിലില്ലായ്മ വേതനം | 0 | 109800 | 109800 | 109800 | |
| കൃഷി | 0 | 73200 | 73200 | 73200 | |
| വിവാഹ ധനസഹായം | 0 | 270000 | 270000 | 270000 | |
| SBi- Own fund | -8882 | 8458690 | 8449808 | 7076344 | 1373464 |
| PDC ബാങ്ക് | 379805 | 3506619 | 3886424 | 3644898 | 241526 |
| തനത് ഫണ്ട് -ട്രഷറി(GPG) | 452737 | 9443358 | 9896095 | 8450724 | 1445371 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 56890336 | 99 | 38640268 | 0 | 33 | 75 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 3952232 | 3414889 | 86 |
| വി.ഇ.ഒ i | 10 | 9 | 14016300 | 8878500 | 63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 2826555 | 2457184 | 87 |
| സെക്രട്ടറി | 14 | 13 | 4055399 | 2950373 | 73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 83 | 53 | 26100001 | 15742763 | 60 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 810349 | 797565 | 98 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 225000 | 221050 | 98 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| അസി.സെക്രട്ടറി | 1 | 1 | 225000 | 225000 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 2502000 | 2284095 | 91 |
| ഹെഡ് മിസ്ട്രസ് | 4 | 3 | 1327500 | 818849 | 62 |
| ആകെ | 132 | 99 | 56890336 | 38640268 | 68 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109800 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 4019600 | 294 |
| വിധവാപെൻഷൻ | 8334800 | 696 |
| വാർദ്ധക്യകാലപെൻഷൻ | 18253300 | 1472 |
| വികലാംഗപെൻഷൻ | 2299800 | 185 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ | 1397200 | 107 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-11-19 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2166 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-8 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ്

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും സമയബന്ധിതമായി സെക്ഷനുകളിൽ എത്തിക്കുകയും പരിശോധിച്ച് പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

<u>രേഖകളുടെ സൂക്ഷിപ്പ്</u>

പഞ്ചായത്തിൽ അത്യന്തം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും കാലികമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നുണ്ട്.

തനത് വരുമാനം വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല

<u>പൊതുമരാമത്ത്</u>

2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഫയലുകളോടൊപ്പം അത്യന്തം സൂക്ഷിക്കേണ്ട രേഖകളായ സെലക്ഷൻ നോട്ടീസ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം കരാറുകാരൻ സമർപ്പിക്കേണ്ട അപേക്ഷ എന്നിവ പല ഫയലുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. കുടിവെള്ള പദ്ധതികളിൽ നിന്നും നീക്കം ചെയ്യുന്ന മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. എസ്.സി.ഫണ്ട് ചെലവഴിക്കുന്നത് പദ്ധതി മാർഗനിർദേശങ്ങൾ പ്രകാരമാണെന്നും ഉറപ്പുവരുത്തിയിട്ടില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.11.2019 | 10/19 | 8.11.19 |
| അക്കൗണ്ടന്റ് | 29.8.13 | 2008-09 – | 21.7.14 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു

# 1-11 അനധികൃത കെട്ടിട നിർമ്മാണം- നടപടികൾ സ്വീകരിച്ചിട്ടില്ല.

പി. ജയദാസൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ (കെട്ടിട നമ്പർ 4/139) വള്ളുവനാട് ആയുർവേദ ഔഷധശാല എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി 05.12.2019 തിയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തി. പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് പി.ജയദാസൻ എന്നവരുടെ തന്നെ ഉടമസ്ഥതയിൽ ഒരു മൂന്ന നില വാണിജ്യ കെട്ടിടം നിലവിലുള്ളതായും പരിശോധനയിൽ ബോധ്യപ്പെട്ടു. ടി കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ്, നമ്പറിംഗ് ഫയൽ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/05.12.2019) ടി കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടില്ല എന്നും അനധികൃത കെട്ടിടമാണ് എന്നും മറുപടി ലഭിച്ചു. എന്നാൽ ഇവയെ അനധികൃതനിർമ്മാണരജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ, വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ഇവയെ അനധികൃതനിർമ്മാണരജിസ്റ്ററിൽ ഉൾപ്പെടുത്തി, അനധികൃതകെട്ടിടത്തിനെതിരെ സ്വീകരിക്കേണ്ട നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 വസ്തുനികുതി- പുതിയതായി കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിലുള്ള അപാകതകൾ

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം കെട്ടിടനമ്പറുകൾ അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വില്ലേജ്/താലൂക്ക് ഓഫീസിൽ ഒറ്റത്തവണ ബിൽഡിംഗ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാതെ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 തിയതിയിലെ സ.ഉ(എം.എസ്) നം. 231/15/ തസ്വഭവ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങൾക്കും 50 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കും പുതുതായി നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തു നികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരം ഉള്ള

ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു വില്ലേജ്/ താലൂക്ക് ഓഫീസിൽ അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രം വസ്തുനികുതി അടവാക്കി രസീതി നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2018-19 വർഷം നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചപ്പോൾ മേൽ പ്രസ്താവിച്ച ഒറ്റത്തവണ നികുതി ഒടുക്കിയതിന്റെ രസീതി ലഭ്യമാക്കിയിട്ടില്ല എന്ന് കണ്ടെത്തി. പുതിയതായി നമ്പർ അനുവദിക്കുന്നതിന് മുൻപ് 1975 ലെ കേരള കെട്ടിട നികുതി നിയമപ്രകാരമുള്ള ഒറ്റത്തവണ ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മഴവെള്ളസംഭരണക്രമീകരണങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101, 102 പ്രകാരം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതും പ്ലോട്ട് വിസ്തീർണ്ണം 320 ചതുരശ്രമീറ്ററിൽ കുറയാത്തതും 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർമിക്കേണ്ടത് നിർബന്ധവുമാണ്. എന്നാൽ 2018-19 ൽ നമ്പർ അനുവദിച്ച 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മഴവെള്ളസംഭരണക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താതെയാണ് നമ്പർ അനുവദിച്ചിരിക്കുന്നത്. പുതിയതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ളസംഭരണക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഭേദഗതി ചട്ടങ്ങൾ ഇതുവരെയും പ്രാബല്യത്തിലാക്കിയിട്ടില്ല.

31.10.2017 ലെ ജി.ഒ(പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി പ്രകാരം ചട്ടത്തിലെ (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) എന്നത് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക രണ്ട് ഭേദഗതി ചെയ്ത് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിരുന്നത് മാറ്റി മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത് എന്നാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ

1. ലൈസൻസ് അനുവദിക്കുന്ന അപേക്ഷാഫോറത്തിൽ ഇപ്പോഴും ഡി & ഒ ലൈസൻസ് എന്ന് തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ദിവസേനയുള്ള വിറ്റുവരവ് എന്നത് മൂലധനം എന്നാക്കി മാറ്റിയിട്ടില്ല.

3. 2018-19 സാമ്പത്തിക വർഷത്തിലും പഴയനിരക്കിൽ തന്നെയാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.

2. ലൈവ്സ്റ്റോക്ക് ഫാമുകൾ- അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2018-19 വർഷം ഗ്രാമപഞ്ചായത്ത് 12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് . എന്നാൽ ലൈസൻസ് നൽകുമ്പോൾ പാലിക്കേണ്ട ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ

ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അയാൾ അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായും കാണുന്നില്ല.

3.പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കേരളശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇവരെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ – അപാകതകൾ.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 4 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. അവ

1. പ്രതീക്ഷ ക്ലിനിക്കൽ ലാബ് ( പുതിയത് ) ലൈസൻസ് നം. 19/18-19

2. വടക്കുംപാട്ട് മെഡിസിൻസ്, ( പഴയത് ) ലൈസൻസ് നം. 72/18-19

3.വടക്കുംപാട്ട് മെഡിസിൻസ്, ( പഴയത് ) ലൈസൻസ് നം. 73/ 18-19

4. രോഹിണി ക്ലിനിക്കൽ ലാബ് ( പഴയത് ) ലൈസൻസ് നം. 125/18-19

ഇവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രം ഹാജരാക്കിയിട്ടില്ല.

Local self govt. (DC) Department 47724/DC1/2011 സർക്കുലർ പ്രകാരം ബയോമെഡിക്കൽ വേസ്റ്റ് ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളായ ഹോസ്പിറ്റലുകൾ, നഴ്സിംഗ് ഹോമുകൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ etc.. എന്നിവയ്ക്ക് ലൈസൻസ് /രജിസ്ട്രേഷൻ നൽകുന്നത്

മുൻപ് ബയോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെൻറ് ആൻഡ് ഹാൻഡ്ലിങ്ങ്) റൂൾസ് 1998 പ്രകാരമുള്ള authorisation letter പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 ക്ലിനിക്കുകളും മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2. രജിസ്ട്രേഷൻ ചട്ടങ്ങൾ പാലിക്കാതെ ക്ലിനിക്കുകൾക്ക് അംഗീകാരം നൽകിയിരിക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറി അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതും അപേക്ഷയിലെ വിശദാംശങ്ങളും അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷം സെക്രട്ടറി തീരുമാനം എടുക്കേണ്ടതും രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപേക്ഷകന് ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ മേൽ ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ 3 വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടിയിട്ടില്ല. 3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഡിപ്പോസിറ്റ് തിയതി | തുക |
|---|---|---|---|
| 1 | Contractor’s Retention Amount | 2015 | 42335/- |
| 2 | Contractor’s EMD | 2011<br>2013<br>2014<br>2015 | 15000/-<br>31250/-<br>30900/-<br>49250/- |
| 3 | Contractor’s Security Deposit | 2011<br>2013<br>2014<br>2015 | 31250/-<br>15000/-<br>46400/-<br>13900/- |
| | | Total | 275285/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/05.12.2019) മറുപടിയായി മേൽ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 രസീതി പരിശോധന- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളില് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

19606- അസിസ്റ്റന്റ് എഞ്ചിനീയർ

19608, 41177- വെറ്ററിനറി ഓഫീസർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.12.2019) ഇനി മുതൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 തൊഴിലുറപ്പുപദ്ധതി - വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയുന്നതും വൈവിധ്യമാർന്നതുമായ വിവിധ പ്രവൃത്തികൾ നിലവിലിരിക്കെ അവയൊന്നും തൻവർഷം ഏറ്റെടുത്തു നടപ്പിലാക്കിയിട്ടില്ല. ഭവന നിർമ്മാണം, കിണർ നിർമ്മാണം, ജലസേചന പ്രവൃത്തികൾ എന്നിവയാണ് ഏറ്റെടുത്ത മുഖ്യ പ്രവർത്തനങ്ങൾ. ഈ ഇനത്തിൽ ആകെ 2,75,19,996 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്ത 2940 കുടുംബങ്ങളിൽ തൊഴിൽ ചെയ്യാൻ സന്നദ്ധരായ 2086 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 282 കുടുംബങ്ങൾക്കുമാത്രമാണ് 100 ദിവസത്തിൽ കൂടുതൽ തൊഴിൽ ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 300 ഹെക്ടർ ഭൂമി നെൽകൃഷിക്ക് അനുയോജ്യമാണെങ്കിലും 250ഹെക്ടർ ഭൂമിയിൽ മാത്രമാണ് കൃഷി ചെയ്തു വരുന്നത്. അവശേഷിക്കുന്ന 50 ഹെക്ടർ ഭൂമി പാട്ടത്തിന് ഗ്രൂപ്പുകൾക്ക് കൈമാറാനുള്ള സാധ്യതകൾ പരിശോധിച്ചതായി കാണുന്നില്ല.

തൻവർഷം ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാതെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പരിശോധനയിൽ ബോധ്യമായി. ആയതിനാൽ തൊഴിൽ ലഭ്യമാക്കുക എന്നതു കൂടാതെ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൂടി കൈവരിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 പശു വിതരണം പദ്ധതി-നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് -35/18-19, പശു വിതരണം വനിത

അടങ്കൽ- 1472000/-

600000 പ്ലാൻ ഫണ്ട് -ജനറൽ

600000ഗുണഭോക്തൃ വിഹിതം

ചെലവ് - 520000(പ്ലാൻ)

ബിൽ നമ്പർ - തുക

3/12.11.18 – 280000

4/17.12.18 – 140000

9/17.1.19 – 40000

10/17.1.19 – 20000

11/14.2.19 - 40000

തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പശു വിതരണം ചെയ്യുന്ന പ്രോജക്റ്റ് പ്രകാരം 26 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. 30 ഗുണഭോക്താക്കൾക്ക് ആകെ 600000/- രൂപ സബ്സിഡി നൽകുകയായിരുന്നു ലക്ഷ്യം എന്നാൽ 26 പേർക്കായി ആകെ 520000 രൂപ ചെലവഴിക്കാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ.

പദ്ധതി മാർഗരേഖ സ.ഉ (കൈ) 11/18/തസ്വഭവ/29.1.18 & 17/18/2.2.18 എന്നിവ പ്രകാരം മൃഗസംരക്ഷണമേഖലയിൽ പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടേണ്ടതിലേക്കാണ്പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. സബ്സിഡി മാർഗരേഖ (ജി.ഒ.(എം.എസ്) - 22/18/തസ്വഭവ/14.2.18 ) പ്രകാരം സബ്സിഡി അനുവദിക്കുന്നത് വ്യക്തി/ കുടുംബത്തിനാണ്. കുടുംബവാർഷികവരുമാനം അടിസ്ഥാനമാക്കിയാണ് അർഹത തീരുമാനിക്കുന്നതും. അതിനാൽ ഒരു കുടുംബത്തിലെ വ്യക്തികൾ തമ്മിലുള്ള കൈമാറ്റം ത്തിന് ധനസഹായം അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

പശു വിതരണ പദ്ധതിയിൽ ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ പശുവിനെ വിൽക്കുന്ന വ്യക്തിയും വാങ്ങുന്ന വ്യക്തിയും ഒരേ മേൽവിലാസത്തിൽ താമസിക്കുന്നവരാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | പശുവിനെ വിറ്റ ആളുടെ പേരും വിലാസവും | അനുവദിച്ച സബ്സിഡി | റിമാർക്സ് |
|---|---|---|---|
| പാഞ്ചാലി, കണ്ടേങ്കാവിൽ, വടശ്ശേരി കേരളശ്ശേരി | സുഷമ. പി. w/o- ശ്രീരാമൻ കണ്ടേങ്കാവിൽ, വടശ്ശേരി കേരളശ്ശേരി | 20000 | സബ്സിഡി തുക സുഷമ, അപർണ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലേക്കാണ് ( SBI-20059724131) നൽകിയിട്ടുള്ളത്. ശ്രീമതി പാഞ്ചാലിയുടെ റേഷൻ കാർഡിൽ (നം - 1946096036) മകൻ ശ്രീരാമൻ, ചെറുമകൾ അപർണ എന്നിവരാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| സിന്ധു.കെ.വി, w/o- സുരേഷ് കുമാർ | ഗംഗാധരൻ .ഇ.ബി (s/o രാമൻകുട്ടി) | 20000 | ഭർത്താവിന്റെ സഹോദരനിൽ നിന്നുമാണ് പശുവിനെ വാങ്ങിയത് |

| | | | |
|---|---|---|---|
| .ഇ.ബി(s/o രാമൻകുട്ടി)<br><br>ഏച്ചംപൂര, കുണ്ടലശ്ശേരി<br><br>കേരളശ്ശേരി | ഏച്ചംപൂര, കുണ്ടലശ്ശേരി<br><br>കേരളശ്ശേരി | | |
| സൈനബ<br><br>w/o- ആലിമുത്തു<br><br>പോത്തംകുന്ന്<br><br>തടുക്കശ്ശേരി | ഷാഹിത,പി.കെ<br><br>w/o- മുസ്തഫ<br><br>പോത്തംകുന്ന്<br><br>തടുക്കശ്ശേരി | 20000 | ശ്രീമതി. സൈനബയുടെ റേഷൻകാർഡിൽ (നം 1946042688) -മകൻ ശ്രീ. മുസ്തഫ ഉൾപ്പെട്ടിട്ടുണ്ട്. |
| | | 60000 | |

പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 72/17-തസ്വഭവ,29.3.2017 ലെ ഖണ്ഡിക നം. 14.6 പ്രകാരം പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയ പശുക്കളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് 10/3.12.19 മറുപടിയായി ഫീൽഡ് വേരിഫിക്കേഷൻ നടത്തി ഒരു മാസത്തിനകം നിജസ്ഥിതി റിപ്പോർട്ട് ചെയ്യാമെന്നാണ് അറിയിച്ചിട്ടുള്ളത്. പശുവിനെ വിൽക്കുകയും വാങ്ങുകയും ചെയ്ത വ്യക്തികൾ ഒരേ കുടുംബത്തിൽ ഉൾപ്പെട്ടവരാണെങ്കിൽ അനുവദിച്ച സബ്സിഡി തിരികെ ഈടാക്കേണ്ടതാണ്.

വിശദമായി മോണിറ്ററിംഗ് നടത്തി നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കുന്നതുവരെ 60000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-18 സമഗ്രനെൽകൃഷി വികസനം -ഫണ്ട് വിതരണത്തിലെ അപാകതകൾ

പ്രൊജക്റ്റ് - സമഗ്രനെൽകൃഷി വികസനം-34/19

നിർവഹണം - കൃഷി ഓഫീസർ

| | പ്ലാൻ | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം |
|---|---|---|---|
| അടങ്കൽ | 1383282 | 875000 | 1250000 |
| ചെലവ് | 13383282 | 875000 (തിരിച്ചടച്ച 46165 ഉൾപ്പെടെ) | 732927 |

സ.ഉ(പി)നം.62/18/Fin തിയതി 16-4-2018 പ്രകാരം എസ്.ടി.എസ്.ബി അക്കൗണ്ട് ക്ലോസ് ചെയ്ത് പി.എസ്.ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും ഉഴവുകൂലിയുടെ ബ്ലോക്ക് വിഹിതം, ജില്ലാ വിഹിതം എന്നിവ കൃഷി ഓഫീസറുടെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് ചെക്ക് മുഖേന നൽകുകയും മാസങ്ങൾക്ക് ശേഷം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു.

| കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച ചെക്ക്/തിയതി | തുക | ഗുണഭോക്താവിന് വിതരണം ചെയ്ത തിയതി (പാസ് ബുക്ക് പ്രകാരം) | തുക |
|---|---|---|---|
| 1375949/17.1.19 | 8,75,000 | 28.3.19 | 421383 |
| | | 25.4.19 | 407452 |
| 1375956/27.3.19 | 732927 | 29.4.19 | 328473 |
| | | 4.6.19 | 404454 |

ഹെക്ടറിന് 12700 രൂപ നിരക്കിലാണ് ഉഴവ് കൂലി നൽകിയിട്ടുള്ളത്. ഒരു ഹെക്ടറിന് 17000 രൂപ വരെ അനുവദനീയമാണെങ്കിലും 12700 രൂപ നിരക്കിൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. എന്നാൽ ബ്ലോക്ക് വിഹിതമായി ലഭിച്ച 875000 രൂപയിൽ 46165 രൂപ ചെലവഴിക്കാതെ ചലാൻ നം- KL 002730324201920M/ 4.6.19പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. സംയുക്ത പദ്ധതിക്കൾക്കായി ലഭിക്കുന്ന ഫണ്ട് സെക്രട്ടറിയുടെ ജോയിന്റ് വെൻചവർ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ടതാണ്.

2. കൃഷി ഓഫീസറുടെ ടി.എസ്.ബി. അക്കൗണ്ടിൽ പദ്ധതി തുക നിക്ഷേപിച്ച് മാസങ്ങൾക്കുശേഷം മാത്രം ഗുണഭോക്താവിന് നൽകുന്ന രീതി ക്രമപ്രകാരമല്ല. ഭാവിയിൽ പദ്ധതി /ധനവിനിയോഗ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. കർഷകർക്ക് അർഹമായ പരമാവധി തുക അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

# 1-19 തരിശുഭൂമിയിൽ കൃഷി പ്രൊത്സാഹിപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1980 ഹെക്ടർ കൃഷിയോഗ്യമായ ഭൂമിയുണ്ട്. ഇതിൽ 290 ഹെക്ടർ കൃഷിയോഗ്യമായ നെൽവയലാണ്. 250 ഹെക്ടർ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്.

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖ.7.1.6(എ).11 പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15 മുതൽ 17 വരെയുള്ള വകുപ്പുകളിൽ തരിശു നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 7(1), 10 എന്നിവയിൽ നെൽകൃഷി ചെയ്യുന്നതും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുള്ള നടപടികളൊന്നും 2018-19 വർഷത്തിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.02.2018 പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിലെ തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം നേടുന്നതിനായി മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ തുടങ്ങിയ സംരംഭങ്ങൾക്ക് കൃഷിഭൂമിയുടെ വിസ്തൃതിക്കനുസൃതമായി സബ്സിഡി അനുവദിക്കാവുന്നതും, തൽപരരായ കർഷക ഗ്രൂപ്പുകളും, ഭൂവുടമകളും തമ്മിൽ പഞ്ചായത്തിന്റെ സാന്നിധ്യത്തിൽ കരാറിലേർപ്പെടാവുന്നതുമാണ്. പഞ്ചവൽസര പദ്ധതി ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിലെ കാർഷികമേഖലയിലെ പ്രശ്നപരിഹാരങ്ങൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതാണ്.

# 1-20 ലൈഫ് പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗണഭോക്താവ് മാത്രമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്നത്

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക്

അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 27ഗുണഭോക്താക്കളാണുള്ളത്. 27 പേരും തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

a) ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ. (28/19)-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 1780000 | 1780000 |
| ബ്ലോക്ക് പഞ്ചായത്ത് | 119314 | 98120 |
| ജില്ലാ പഞ്ചായത്ത് | 198215 | 198215 |
| മറ്റിനം(വായ്പ്പ) | 8702471 | 4983665 |
| ആകെ | 10800000 | 7060000 |

ലൈഫ രജിസ്റ്റർ പ്രകാരം 30.11.19 വരെ 19 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി 400000 രൂപ ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. 8 ഗുണഭോക്താക്കൾ റൂഫ് ലവൽ വരെ പൂർത്തിയാക്കി 300000 രൂപ കൈപ്പറ്റിയിട്ടുണ്ട്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 4983665 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക 2018-19 ൽ വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 ൽ സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 ഡെപ്പോസിറ്റ് പ്രവൃത്തി-കരാർ വെക്കാതെ തുക നൽകി

2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി സെക്രട്ടറി

നിർവഹണോദ്യോഗസ്ഥനായി വൈദ്യുതി ബോർഡിനു കൈമാറിയ പ്രൊജക്ടുകളും തുകകളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ചെലവ് തുക, | ബിൽ നം. തീയ്യതി |
|---|---|---|---|---|
| 1 | SO 98/18-19<br>(189/17-18)അടങ്കൽ<br>110586-(വികസന ഫണ്ട്) | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 110586 | 1) 04/18-19 തീ. 21.05.18 തുക-106000<br>2) 9/18-19 തീ 29.6.18 തുക 4586<br>ആകെ 110586 |

സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീ 29.03.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.3 (17) പ്രകാരം KSEB/KWA/GWAഎന്നീ സ്ഥാപനങ്ങൾക്ക് ഒരു നിർമ്മാണ പ്രവൃത്തിക്ക് മുൻകൂർ തുക നൽകണമെങ്കിൽ ബന്ധപ്പെട്ട സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി സഹിതം തദ്ദേശ സ്ഥാപനത്തിന് നൽകുകയും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നിരിക്കെ കരാർ വെക്കാതെ KSEB കോങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 19.02.2018 ലെ DB 30/AE-KGD/17-18/56 നം കത്ത് പ്രകാരം സ്ട്രീറ്റ് മെയിനിൽ 10 മീറ്ററുകൾ സ്ഥാപിക്കുന്നതിന് 106000 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ (@10600*10-106000 രൂപ) 106000 രൂപ KSEB കോങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നൽകി. 01.06.2018 ലെ DB SDK/KGD/Rev/AS1-18-19 നം ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി 06.06.18 ലെ DB 30/2018-19/AE/KGD/17 നം കത്ത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക 112632 രൂപയാണെന്നും ബാക്കി തുക 6632 രൂപ അടവാക്കുന്നതിന് ആവശ്യപ്പെട്ടു.ആയതു പ്രകാരം 29.6.18 ന് പദ്ധതി ഫണ്ടിൽ നിന്ന് 4586 രൂപയും തനതുഫണ്ടിൽ നിന്നും 2046 രൂപയും ചേർത്ത് ആകെ 6632 രൂപ KSEB യ്ക്ക് നൽകിയിട്ടുണ്ട്. 22.11.2019 ലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 9 യൂണിറ്റ് മീറ്ററുകൾ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി കരാർ വെക്കാത്തതുകൊണ്ട് എസ്റ്റിമേറ്റ് പുതുക്കിയതുമൂലം 6632 രൂപ അധികം നൽകുന്നതിനും ഒരു യൂണിറ്റ് മീറ്റർ സ്ഥാപിക്കുന്നത് കുറയുന്നതിനും ഇടയായി. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 05/03.12.2019) 19.02.2018 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി എസ് ടി തുക ഉൾപ്പെടുത്തിയിരുന്നില്ലെന്നും എന്നാൽ പ്രവൃത്തികൾക്ക് തുക കൈമാറുന്ന സമയത്ത് ജി എസ് ടി അടവാക്കേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്ന് കെ എസ് ഇ ബി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 6632 രൂപ അധികം നൽകിയതെന്നും മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ജി എസ് ടി ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. 01.07.2017 മുതൽ ജി എസ് ടി നിലവിൽ വന്നതാണ്.ആയതിനാൽ

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ആയത് ഉൾപ്പെടുത്തേണ്ടതായിരുന്നു.സമയബന്ധിതമായി കരാർ വെക്കാത്തതിനാൽ 6632 രൂപ അധികം നൽകുന്നതിന് ഇടയായി.ഭാവിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവഹിക്കുമ്പോൾ കരാറിൽ ഏർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫിസിലേക്ക് യു പി എസ് വാങ്ങൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | 155/18-19 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫിസിലേക്ക് യു പി എസ് വാങ്ങൽ |
| അടങ്കൽ | 50000- വികസന ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം. തീയ്യതി | 36/18-19 തീ 27.03.19 തുക 40000 |
| ഇൻവോയ്സ് നം | 62/27.3.19 KS security system Kondotty |

ജി.ഓ (എം എസ്) 24/17/ഐ ടി ഡി തീ 18/.11.17 നം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐ ടി സെൽ 1/26/2019 വി സാ വ തീ.18.03.19 പ്രകാരം ആയത് കർശനമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതിനു വിരുദ്ധമായി ടെണ്ടർ മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫിസിലേക്ക് 2 KWA online യു പി എസ് വാങ്ങൽ പ്രൊജക്ട് നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/03.12.2019) പ്രൊജക്ടിൽ ടെണ്ടർ എന്ന് രേഖപ്പെടുത്തിയതിനാലും ടെണ്ടർ നടപടികൾ 18.03.2019 ന് മുൻപായി പൂർത്തീകരിച്ചതിനാൽ 2018-19 ൽ ടെണ്ടർ ഭേദഗതി ചെയ്യുന്നതിന് അവസരം ഇല്ലാതിരുന്നു. www.cprcs.kerala.gov.in സൈറ്റിൽ__2 KWA online യു പി എസ് ഇല്ലാത്തതിനാലാണ് ടെണ്ടർ മുഖാന്തിരം വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

സ്റ്റോർ പർച്ചേയ്സ് മാന്വൽ അദ്ധ്യായം 7.52 ൽ വാങ്ങലുകൾ നടത്തുന്നത് www.cprcs.kerala.gov.in മുഖാന്തിരം ആയിരിക്കണമെന്ന് വ്യക്തമാക്കി ഭേദഗതി വരുത്തിയിട്ടുണ്ട് അദ്ധ്യായം 19 ൽ 25000 രൂപയിൽ അധികരിക്കുന്ന മറ്റു ഉപകരണങ്ങൾ GeM മുഖാന്തിരം വാങ്ങുന്നതിനും നിർദ്ദേശമുണ്ട്.മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 ഫോട്ടോസ്റ്റാറ്റ് ചാർജ്ജ് കുറവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി ഫോട്ടോസ്റ്റാറ്റ് എടുത്തവകയിൽ കാരുണ്യ വാസ്തു ശില്പി, കേരളശ്ശേരി എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് 28442 രൂപ നൽകിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം തീയതി | തുക |
|---|---|---|
| 1 | 21800076/26.4.18 | 4778 |
| 2 | 21800113/7.05.18 | 2377 |
| 3 | 21800214/13.6.18 | 3369 |
| 4 | 21800311/18.7.18 | 4167 |
| 5 | 21800394/16.8.18 | 1174 |
| 6 | 21800398/17.8.18 | 1229 |
| 7 | 21800499/24.9.18 | 3078 |
| 8 | 21800641/8.11.18 | 1752 |
| 9 | 21800703/4.12.18 | 3224 |
| 10 | 21800783/1.1.19 | 1622 |
| 11 | 21800863/5.219 | 819 |
| 12 | 21801026/7.3.19 | 853 |
| | ആകെ | 28442 |

ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതുപോലെയുള്ള ആവർത്തന ചെലവുകൾ ഒഴിവാക്കുന്നതിനായി ഫോട്ടോസ്റ്റാറ്റ് മെഷിൻ പ്രൊജക്ട് മുഖാന്തിരം വാങ്ങാവുന്നതാണ്. തനതു വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സാധ്യത ഉപയോഗപ്പെടുത്തുന്നതിന്

ശ്രമിച്ചിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/03.12.2019) പൊതുഫണ്ടിന്റെ അപര്യാപ്തതയും തനതുഫണ്ടിന്റെ ലഭ്യതക്കുറവുമാണ്.എല്ലാ വർഷവും റണ്ണിംഗ് കോൺട്രാക്ട് വിളിച്ച് ഫോട്ടോസ്റ്റാറ്റ് എടുക്കുന്നതെന്നും ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി)7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും 4ാം ഗഡു, ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 3ാം ഗഡു ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 4ാം ഗഡു ശമ്പള കുടിശ്ശിക പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 3 | 21800233/26.06.18 | 42726 |
| 3 | 21800234/26.06.18 | 23144 |
| 3 | 21800235/26.06.18 | 74061 |
| | ആകെ | 139931 |
| 4 | 21800594/24.10.18 | 14426 |
| 4 | 21800599/26.10.18 | 77199 |
| 4 | 21800600/26.10.18 | 1361 |
| 4 | 21800605/29.10.18 | 22325 |
| | ആകെ | 115311 |

മേൽ ഉത്തരവ് ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ

പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും 40 ഗഡു ജീവനക്കാർക്ക് പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/03.12.2019) 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 വടശ്ശേരി അങ്കണവാടി നിർമ്മാണം- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം | 90/18-19 വടശ്ശേരി അങ്കണവാടി നിർമ്മാണം |
| അടങ്കൽ | വികസന ഫണ്ട്- 85000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് 100000<br>ബ്ലോക്ക് വിഹിതം 400000<br>കേന്ദ്രാവിഷ്കൃതം 95000<br>ആകെ 1535000 |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 580000/- |

സാമൂഹ്യ നീതി വകുപ്പും കേരളശ്ശേരി ഗ്രാമപഞ്ചായത്തും സംയുക്തമായി നിർമ്മിക്കുന്ന വടശ്ശേരി അങ്കണവാടിക്ക് യൂണിറ്റ് കോസ്റ്റിന്റെ (14.50 ലക്ഷം രൂപ) 60% തുക സാമൂഹ്യ നീതി വകുപ്പും.40% തുക തദ്ദേശ സ്ഥാപനവും വഹിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ സ ഉ (സാധാ) 418/2017/സാ.നീ.വ തീയതി 20.06.2017 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ് വിഭാഗം പാലക്കാട് അസിസ്റ്റന്റ് എഞ്ചിനീയർ PBS III/Anganavadi

vadassery/2018-19 തീ.22.12.2018 പ്രകാരം 1450000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് സാമൂഹ്യ നീതി വകുപ്പും കേരളശ്ശേരി ഗ്രാമപഞ്ചായത്തും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വിഹിതം താഴെ ചേർത്ത പ്രകാരം പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ് വിഭാഗത്തിന്റെ 8443-00-108 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം/വൗച്ചർ നം തീ | തുക |
|---|---|---|
| 1 | 29/18-19 തീ.14.01.2019 | 100000 |
| 2 | 30/18-19 തീ.14.01.2019 | 80000 |
| 3 | 1375951/25.01.2019 (ബ്ലോക്ക് വിഹിതം ) | 400000 |
| | ആകെ | 580000 |

പ്രവൃത്തി സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പുമായോ,പൊതുമരാമത്ത് വകുപ്പുമായോ ധാരണാപത്രം ഒപ്പുവെച്ചതായി കാണുന്നില്ല.പ്രവൃത്തിയുടെ പൂർത്തീകരണ, ധന വിനിയോഗ സാക്ഷ്യപത്രം,ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/02.12.2019) പ്രവൃത്തി പൂർത്തികരിച്ചിട്ടില്ലെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആയവ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് .05.12.2019 ന് ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തിയതിൽ പ്രസ്തുത കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തികൾ ആരംഭിച്ചതായി കണ്ടു.വടശ്ശേരി അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 ആരോഗ്യ പ്രചാരണ പരിപാടികൾ -ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി കേരളശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പകർച്ചവ്യാധി നിയന്ത്രണം ,ദേശീയ ആരോഗ്യ പരിപാടികൾ എന്നീ പ്രൊജക്ടുകളുടെ ഭാഗമായി 94450 രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ വിവിധ പ്രചാരണ പ്രവർത്തനങ്ങളുടെ അനൗൺസ്മെന്റ് നടത്തുന്നതിനുള്ള മൈക്ക് സെറ്റ് വാടക ,വാഹന വാടക എന്നീ ഇനത്തിൽ ശ്രുതി സൗണ്ട്സ് കേരളശ്ശേരി എന്ന സ്ഥാപനത്തിന് 30000 രൂപ നൽകിയിട്ടുണ്ട് എങ്കിലും ഇതിനാവശ്യമായ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.കൂടാതെ ഉപയോഗിച്ച വാഹനത്തിന്റെ ട്രിപ്പ് ഷീറ്റും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | | | |
|---|---|---|---|---|

| ക്രമ നം | പ്രൊജക്റ്റ് നം | ബിൽ നം തുക | ഇനം | ഇൻവോയ്സ് നം തുക |
|---|---|---|---|---|
| 1 | 16/18-19 പകർച്ചവ്യാധി നിയന്ത്രണം അടങ്കൽ 50000 (മെയിന്റനൻസ് ഗ്രാന്റ്) | 13/19തീ 26.03.19 50000 | ആരോഗ്യ ജാഗ്രത- പകർച്ചവ്യാധി നിയന്ത്രണം പഞ്ചായത്ത് തല പ്രചാരണം | 84/14.4.18- 6000 |
| | | | നിപാ വൈറസ് ജാഗ്രത പഞ്ചായത്ത് തല പ്രചാരണം | 85/23.05.18- 6000 |
| | | | വെള്ളപ്പൊക്ക കെടുതികൾ പകർച്ചവ്യാധി നിയന്ത്രണം പഞ്ചായത്ത് തല പ്രചാരണം | 86/29.08.18- 6000 |
| 2 | 19/18-19 ദേശീയ ആരോഗ്യ പരിപാടികൾ 75000 (മെയിന്റനൻസ് ഗ്രാന്റ്) | 14/18-19 തീ26.03.19 44450 | ദേശീയ മന്ത് രോഗ നിവാരണം പഞ്ചായത്ത് തല പ്രചാരണം | 88/9.8.18 -6000 |
| | | | ദേശീയ കുഷ്ഠരോഗ നിവാരണം പഞ്ചായത്ത് തല പ്രചാരണം | 90/5.12.18 -6000 |
| | | | ആകെ | 30000 |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/28.11.2019) അടിയന്തിര സാഹചര്യങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികളാണെന്നും ലൈറ്റ് &സൗണ്ട് ടീം തന്നെയാണ് വാഹനവും മൈക്കിംഗ് എന്നിവ ചെയ്യിരുന്നതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ആരോഗ്യ പ്രചാരണ പരിപാടികൾക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും വാഹനത്തിന്റെ ട്രിപ്പ്ഷീറ്റ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച്

വിശദമായ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-27 തൊഴിൽ രഹിത വേതനം -അർഹതയില്ലാത്തവർക്ക് നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

2018–19 വർഷത്തിൽ വിതരണം ചെയ്ത തൊഴിൽരഹിത വേതനം നൽകിയിട്ടുള്ളത് നിലവിലുള്ള ചട്ടത്തിനും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായാണോ എന്നും അർഹതാ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.
തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ, 1998

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

മേൽ ചട്ടങ്ങൾ പ്രകാരം 'വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും' ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹനായിട്ടുള്ളത്.
ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ബിൽ നം 11/2018-19 തീ.20.07.18 തുക 58560/-രൂപ.

2) ബിൽ നം 34/2018-19 തീ.21.03.19 തുക 55080/-രൂപ.

സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ് പ്രകാരം എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ വേതനം കൈപ്പറ്റിയവരെ അർഹതാ

പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും തൊഴിൽ ചെയ്ത് വേതനം കൈപ്പറ്റുകയും ചെയ്തതിനാൽ അനർഹരാണെന്ന് കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ | MNREGS പ്രവൃത്തിദിനം, കൈപ്പറ്റിയ വേതനം | | കൈപ്പറ്റിയ തൊഴിൽ രഹിത വേതനം |
|---|---|---|---|---|---|
| | | | 2017-18 | 2018-19 | |
| 1 | ശ്രീജ കെ സി കള്ളപ്പാടി കേരളശ്ശേരി (റോൾ.നം 155) | 05/84 | 18 -4716 രൂപ | 90-24390 രൂപ | 1)960-26.07.18<br>2) 960-22.3.19<br>ആകെ 1920 |
| 2 | ശ്രീജ എൻ വി മരുതംകുണ്ടിൽ തട്ടുക്കശ്ശേരി (റോൾ.നം 156) | 12/89 | - | 38-10298 രൂപ | 1)960- 26.7.18<br>2)960-22.3.19<br>ആകെ 1920 |
| 3 | ആകെ | | | | 3840 രൂപ |

ഓഡിറ്റ് എൻക്വയറി നം 23/06.12.2019 ന് ഗുണഭോക്താക്കളിൽനിന്ന് തൊഴിൽരഹിത വേതനം തിരികെ ഈടാക്കുന്നതാണെന്നും അനർഹരെ ഒഴിവാക്കി കാര്യക്ഷമമായിതൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

അനർഹമായി കൈപ്പറ്റിയ തൊഴിൽ രഹിത വേതനം 3840 രൂപ ഗുണഭോക്താക്കളിൽനിന്നും 100 രൂപ പിഴ സഹിതം തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) – അപേക്ഷകന്റെ വരുമാനം നിശ്ചയിക്കുന്നത് തദ്ദേശ ഭരണാധികാരികളാണ്. യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

* 1998ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 4(i) – അനർഹരാണെന്നു ബോധ്യപ്പെടുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുക,

നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തുക, തൊഴിൽ രഹിത വേതനം നിർത്തലാക്കുക, അനർഹമായി കൈപ്പറ്റിയ തുക 100 രൂപ പിഴ സഹിതം തിരിച്ചു പിടിക്കുക എന്നീ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്.

* തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിനുമുൻപ് ഗുണഭോക്താക്കൾ തൊഴിലുറപ്പ് പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടില്ലെന്ന് MNREGS വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-28 ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു

ഗ്രാമ പഞ്ചായത്തിന്റെ റോഡു പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനുശേഷം ബാരൽ തിരികെ ലഭ്യമാക്കാത്തപക്ഷം തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ തുകയിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

(SS1 &RS1-182kg/ബാരൽ, VG 30- 156kg/ബാരൽ)

| ക്രമ നം | പദ്ധതിയുടെ പേര് | ബിറ്റുമിൻ പ്രവൃത്തി | പ്രവൃത്തി അളവ് | ബിറ്റുമിൻ അളവ് kg | ബാരൽ എണ്ണം | ബിൽ നം. തുക |
|---|---|---|---|---|---|---|
| 1 | ആലിൻ ചുവട് കയറംകുടം റോഡ് മെറ്റലിങ്& ടാറിങ്(MGR) pro.119/19 കരാറുകാരൻ- സുധീഷ്.U MB. 180/17-18 | Priming coat. SS-1 | 1019.45x 0.85 | 866.53 | 4.76 | 2/18-19/ 25.5.2018 999027രൂപ |
| | | Tack coat RS-1 | 1019.45x 0.275 | 280.35 | 1.54 | |
| | | 20mm carpet vg-30 | 1019.45x 1.36 | 1384.21 | 8.87 | |
| | | seal coat | 1019.45x | 662.64 | 4.25 | |

| | | | | | | |
|---|---|---|---|---|---|---|
| | | vg-30 | 0.65 | | | |
| 2 | കട്ടച്ചിറ റോഡ് മെറ്റലിങ്& ടാറിങ്(MGR)<br>pro.120/19<br>കരാറുകാരൻ- മനോജ്.K.A<br>MB. 186/17-18 | Priming coat. SS-1 | 512.40X<br>0.85 | 435.54 | 2.39 | 4/18-19/<br>25.5.2018 300000രൂപ |
| | | Tack coat RS-1 | 512.40X<br>0.275 | 140.91 | 0.77 | |
| | | 20mm carpet vg-30 | 512.40X<br>1.46 | 748.10 | 4.79 | |
| | | seal coat vg-30 | 512.40X<br>0.65 | 333.06 | 2.14 | |
| 3 | കൊട്ടേക്കാ ട്ടുപറമ്പ് റോഡ് മെറ്റലിങ് &ടാറിങ്(MGR)<br>pro. 121/19<br>കരാറുകാരൻ-<br>മനോജ്.K.A<br>MB. 148/17-18 | Priming coat. SS-1 | 540X<br>0.85 | 459 | 2.52 | 5/18-19/<br>25.5.2018 300000രൂപ |
| | | Tack coat<br>RS-1 | 540x<br>0.275 | 148.50 | 0.82 | |
| | | 20mm carpet vg-30 | 540X<br>1.46 | 788.40 | 5.05 | |
| | | seal coat vg-30 | 540X<br>0.65 | 351.00 | 2.25 | |
| 4 | ഇരുപ്പിക്കൽ കള്ളിക്കൽ റോഡ് മെറ്റലിങ് & ടാറിങ്(MGR)<br>pro.128/19/19<br>കരാറുകാരൻ-<br>മനോജ്.K.A<br>MB. 149/17-18 | Priming coat. SS-1 | 681.06X<br>0.85 | 578.90 | 3.18 | 6/18-19/<br>25.5.2018 346061 രൂപ |
| | | Tack coat RS-1 | 681.06X<br>0.275 | 187.29 | 1.03 | |
| | | 20mm carpet surfacing VG-30 | 681.06X<br>1.46 | 994.35 | 6.37 | |
| | | seal coat VG-30 | 681.06X<br>0.65 | 442.69 | 2.84 | |
| 5 | പടിഞ്ഞാറേ മുറി സ്കൂൾ റോഡ് മെറ്റലിങ്, ടാറിങ്& റീടാറിങ് (MGR)<br>pro.118/19<br>കരാറുകാരൻ-<br>രജി.കെ.ഇട്ടൻ | Priming coat. SS-1 | 1275x<br>0.85 | 1083.75 | 5.95 | 34/18-19/31.1.2019 1103571 രൂപ |
| | | Tack coat RS-1 | 1275x<br>0.275 | 350.63 | 1.93 | |
| | | Pot hole VG-30 | 297.71x<br>1.75 | 521.26 | 3.34 | |
| | | Tack coat | 1482.5x | 407.69 | 2.24 | |

| | | | | | | |
|---|---|---|---|---|---|---|
| | MB. 122/18-19 | RS-1 | 0.275 | | | |
| | | Chipping carpet VG-30 | 2757.5x 1.3578 | 3744.13 | 24.00 | |
| | | seal coat VG-30 | 2757.5x 0.65 | 1792.38 | 11.49 | |
| 6 | വാസുദേവൻ മെമ്മോറിയൽ റോഡ് ടാറിങ്& റീ ടാറിങ് (MGR)<br>pro.116/19<br>കരാറുകാരൻ- രജി.കെ. ഇട്ടൻ<br>MB. 106/18-19 | Priming coat. SS-1 | 376X 0.85 | 319.60 | 1.76 | 34/18-19/31.1.2019 973506രൂപ |
| | | Tack coat RS-1 | 2849.75X 0.275 | 783.68 | 4.31 | |
| | | Pot hole VG-30 | 414.35X 2 | 828.70 | 5.31 | |
| | | Chipping carpet VG-30 | 2849.75X 1.3578 | 3869.39 | 24.80 | |
| | | seal coat VG-30 | 2849.75X 0.65 | 1852.34 | 11.87 | |
| 7 | പള്ളത്തുറോഡ് മെറ്റലിങ് &ടാറിങ് (MGR)<br>pro.125/19<br>കരാറുകാരൻ- വിവേകാനന്ദൻ<br>MB. 108/18-19 | Priming coat. SS-1 | 360X 0.85 | 306 | 1.68 | 36/18-19/31.1.2019 200000രൂപ |
| | | Tack coat RS-1 | 360X 0.275 | 99 | 0.54 | |
| | | Chipping carpet VG-30 | 360X 1.46 | 525.60 | 3.37 | |
| | | seal coat VG-30 | 360X 0.65 | 234 | 1.5 | |
| 8 | വടശ്ശേരി കാരപ്പറമ്പ് റോഡ് സോളിങ,<br>മെറ്റലിങ്& ടാറിങ് (MGR)<br>pro.194/19<br>കരാറുകാരൻ-<br>വിവേകാനന്ദൻ<br>MB. 109/18-19 | Priming coat. SS-1 | 378X 0.85 | 321.30 | 1.77 | 38/18-19/31.1.2019 299707രൂപ |
| | | Tack coat RS-1 | 378X 0.275 | 103.95 | 0.57 | |
| | | Chipping carpet VG-30 | 378X 1.46 | 551.88 | 3.54 | |
| | | seal coat VG-30 | 378X 0.65 | 245.70 | 1.58 | |

| | | | | | | |
|---|---|---|---|---|---|---|
| കയറംകുടം | 50mm | 115.53X | 231.06 | 1.48 | 41/ | |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് ടാറിങ്(MGR) pro.83/19 കരാറുകാരൻ- ജയപ്രസാദ്. എ.എൻ MB. 124/18-19 | penitration macadam s-65 | 2 | | | 18-19/ 12.3.2019 455319 രൂപ | |
| | 75mm penitration macadam s-65 | 125.32X 2 | 250.64 | 1.61 | | |
| | Tack coat RS-1 | 1675.5x 0.225 | 376.98 | 2.07 | | |
| | 20mm carpet vg-30 | 1675.5x 1.46 | 2446.23 | 15.68 | | |
| | seal coat vg-30 | 1675.5x 0.65 | 1089.08 | 6.98 | | |
| 10 | കള്ളപ്പാടി റോഡ് റീടാറിങ് (MGR) pro.82/19 കരാറുകാരൻ- ജയപ്രസാദ് MB. 75/18-19 | 50mm penitration macadam s-65 | 130.67X 2 | 261.34 | 1.68 | 42/18-19/ 12.3.2019 574259രൂപ |
| | | 75mm penitration macadam s-65 | 120.68X 2 | 241.36 | 1.55 | |
| | | Tack coat RS-1 | 2114.39X 0.225 | 475.74 | 2.61 | |
| | | 20mm carpet vg-30 | 2114.39X 1.46 | 3087.01 | 19.79 | |
| | | seal coat vg-30 | 2114.39X 0.65 | 1374.35 | 8.81 | |
| 11 | ദീപ്തി മെഡിക്കൽസ് റോഡ് മെറ്റലിങ് &ടാറിങ്(MGR) pro. 137/19 കരാറുകാരൻ- ജയപ്രസാദ് MB. 118/18-19 | Priming coat. SS-1 | 849.5X 0.85 | 722.08 | 3.97 | 43/ 18-19/ 12.3.2019 455494രൂപ |
| | | Tack coat RS-1 | 849.5X 0.275 | 233.61 | 1.28 | |
| | | 20mm carpet vg-30 | 849.5X 1.46 | 1240.27 | 7.95 | |
| | | seal coat vg-30 | 849.5X | 552.18 | 3.54 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 0.65 | | | |
| 12 | വേലംകോട് റോഡ് മെറ്റലിങ് & ടാറിങ് (MGR) pro.117/19 കരാറുകാരൻ- സന്തോഷ്. MB. 112/18-19 | Priming coat. SS-1 | 704.2X 0.85 | 598.57 | 3.29 | 45/18-19/ 12.3.2019 405390 രൂപ |
| | | Tack coat RS-1 | 704.2X 0.275 | 193.66 | 1.06 | |
| | | 20mm carpet surfacing VG-30 | 704.2X 1.46 | 1028.13 | 6.59 | |
| | | seal coat VG-30 | 704.2X 0.65 | 457.73 | 2.93 | |
| 13 | കേരളശ്ശേരി ഹൈസ്കൂൾ റോഡ് റീടാറിങ് (MGR) pro.80/19 കരാറുകാരൻ- നൗഷാദ്. വി.എം MB. 123/18-19 | Tack coat-RS-1 | 1710.9X 0.275 | 470.5 | 2.59 | 46/ 18-19/ 12.3.2019 439925രൂപ |
| | | Pot hole-VG30 | 133.92X 2 | 267.84 | 1.72 | |
| | | Pot hole-VG-30 | 99.82X 2 | 199.64 | 1.28 | |
| | | 20mm carpet surfacing VG-30 | 1710.90X1.46 | 2497.91 | 16.01 | |
| | | seal coat VG-30 | 1710.90X 0.65 | 1112.08 | 7.13 | |
| 14 | വേലംകോട് റോഡ് റീടാറിങ് (MGR) pro.136/19 കരാറുകാരൻ- രജി.കെ. ഇട്ടൻ MB. 111/18-19 | Pot hole VG-30 | 120.21X 2 | 240.42 | 1.54 | 39/18-19/ 31.1.2019 339471രൂപ |
| | | Tack coat RS-1 | 1214.5X 0.275 | 333.99 | 1.84 | |
| | | Chipping carpet VG-30 | 1214.5X 1.46 | 1773.17 | 11.37 | |
| | | seal coat VG-30 | 1214.5X 0.65 | 789.43 | 5.06 | |
| ആകെ ബാരൽ - 306.53 | | | | | | |

ബാരലുകളുടെ വില-76633 രൂപയും 18% ജി.എസ്.ടി 13794രൂപയും ഈടാക്കാതെ മുഴവൻ തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 3/2.12.19, 8/3.12.19 എന്നീ ഓഡിറ്റ് എൻക്വയറികൾ നൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടിയായി കരാറുകാരിൽ നിന്നും ബാരൽവില ഈടാക്കുന്നതിനോ അല്ലാത്തപക്ഷം കാലിബാരലുകൾ തിരികെ

ലഭ്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും ആകെ തുക 90427രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ കുറവായി ഈടാക്കിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (പൂർത്തീകരണ കാലാവധിയുടെ 25% )പി.എ.സി യുടെ 1ശതമാനവും രണ്ടാം തവണ (പൂർത്തീകരണ കാലാവധിയുടെ 25% ) പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്ത് മാനവൽ, സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതല്ല. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകിയെങ്കിലും നിയമാനുസൃത പിഴ കുറവായാണ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : ഇരുപ്പിക്കൽ കള്ളിക്കൽ റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്ട് നം. : 128/19

പി.എ.സി : 349735

ചെലവ് : 349735

ബിൽ നം. : 6/18-19/25.5.2018

എം.ബുക്ക് നം. : 149/17-18

എഗ്രിമെന്റ് നം. : 6/16-17/29.12.2016

കരാറുകാരന്റെ പേര് : മനോജ്.കെ.എ

പൂർത്തിയാക്കേണ്ട തീയതി : 31.3.2017

പൂർത്തിയാക്കിയ തീയതി : 6.3.2018

ഈടാക്കേണ്ട പിഴ :

1.4.2017മുതൽ 23.4.2017 വരെ(1%) : 3497 രൂപ

24.4.2017മുതൽ 17.5.2017 വരെ(2%) : 6994 രൂപ

ആകെ : 10491രൂപ

ഈടാക്കിയ പിഴ :3461രൂപ

ഈടാക്കാൻ ബാക്കി : 7030രൂപ

മുഴുവൻ തുകയും ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.പ്രവൃത്തിയുടെ പേര് : വേലങ്കോട് റോഡ് മെറ്റലിങ് & ടാറിങ്

പ്രൊജക്ട് നം. : 117/19

പി.എ.സി : 409379

ചെലവ് : 405390

ബിൽ നം. : 45/18-19/12.3.2019

എം.ബുക്ക് നം. : 112/18-19

എഗ്രിമെന്റ് നം. : 51/17-18/7.12.2017

കരാറുകാരന്റെ പേര് : സന്തോഷ്

പൂർത്തീകരണ കാലാവധി: 7 മാസം

പൂർത്തിയാക്കേണ്ട തീയതി : 6.7.2018

പൂർത്തിയാക്കിയ തീയതി : 15.2.2019

ഈടാക്കേണ്ട പിഴ :

7.7.2018മുതൽ 30.8.2018 വരെ(1%) : 4094 രൂപ

31.8.2018മുതൽ 22.10.2018 വരെ(2%) : 8188രൂപ

ആകെ : 12282രൂപ

ഈടാക്കിയ പിഴ :0

ഈടാക്കാൻ ബാക്കി : 12282രൂ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -3/2.12.19 & 8/3.12.19) മറുപടിയായി കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-30 പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ല്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെന്റർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപ്പക്ഷം 1 ശതമാനം പിഴ ചുമത്തിക്കൊണ്ട് 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. ഇപ്രകാരമുള്ള 24 ദിവസത്തിനകം എഗ്രിമെന്റ് വെക്കാത്ത പക്ഷം കരാർ റദ്ദാക്കുകയും ഇ.എം.ഡി. കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ താഴെ പറയുന്ന വിവിധ പ്രവൃത്തികൾക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കുകയോ മേൽനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : കൊടലോടി റോഡ് കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം. : 59/ 19

അടങ്കൽ : 200000

പി.എ.സി : 200000

ചെലവ് : 200000

ബിൽ നം. : 25/18-19/21.12.2018

കരാറുകാരന്റെ പേര് : സന്തോഷ്.പി.കെ

സെലക്ഷൻ നോട്ടീസ് തീയതി : 15.8.2018

എഗ്രിമെന്റ് വെക്കേണ്ട തീയതി :29.8.2018

എഗ്രിമെന്റ് വെച്ച തീയതി : 11.9.2018(43/18-19/AE)

ഈടാക്കേണ്ട പിഴ : 1996രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1996 രൂപ

2.പ്രവൃത്തിയുടെ പേര് :കൊട്ടേക്കാട്ടുപറമ്പ് പെരുമ്പി റോഡ് കോൺക്രീറ്റിങ്

പ്രൊജക്ട് നം. : 52/19(SCP)

അടങ്കൽ : 200000

പി.എ.സി : 190121

ചെലവ് : 200000

ബിൽ നം. : 29/18-19/21.12.2018

കരാറുകാരന്റെ പേര് : ശശികുമാർ

സെലക്ഷൻ നോട്ടീസ് തീയതി : 15.8.2018

എഗ്രിമെന്റ് വെക്കേണ്ട തീയതി : 29.8.2018

എഗ്രിമെന്റ് വെച്ച തീയതി : 27.9.2018(44/18-19/AE)

ഈടാക്കേണ്ട പിഴ : 1901രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 1901 രൂപ

3.പ്രവൃത്തിയുടെ പേര് :വല്ലങ്ങാട്ടു പറമ്പ് റോഡ് കോൺക്രീറ്റിങ്

പ്രൊജക്ട് നം. : 53/19(SCP)

അടങ്കൽ : 282400

പി.എ.സി : 281017

ചെലവ് : 282400

ബിൽ നം. : 31/18-19/21.12.2018

കരാറുകാരന്റെ പേര് : സന്തോഷ്.പി.കെ

സെലക്ഷൻ നോട്ടീസ് തീയതി : 15.8.2018

എഗ്രിമെന്റ് വെക്കേണ്ട തീയതി : 29.8.2018

എഗ്രിമെന്റ് വെച്ച തീയതി : 11.9.2018(41/18-19/AE)

ഈടാക്കേണ്ട പിഴ : 2810രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 2810 രൂപ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-3/2.12.19) മറുപടിയായി കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-31 നവീകരണ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല

1. വിവേകോദയം വായനശാല മെയിന്റനൻസ് എന്ന പ്രവൃത്തയിൽഇനം 1 പ്രകാരം വാതിലുകളും ജനലുകളുമായി 4 എണ്ണം നീക്കം ചെയ്തതിന് ഒരെണ്ണത്തിന് 221.3 രൂപ നിരക്കിൽ 885.24 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനം 2 പ്രകാരം 739.91 മീറ്റർ നീളമുള്ള പട്ടികകളും കഴുക്കോലുകളും നീക്കം ചെയ്തത് 714.5 മീറ്ററായി ലിമിറ്റ് ചെയ്ത് 10.8/m നിരക്കിൽ 7716.60 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും മാറ്റപ്പെട്ട ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | വിവേകോദയം വായനശാല മെയിന്റനൻസ് |
| പ്രൊജക്ട് നം | 124/19(MGNR) |
| അടങ്കൽ | 110000 |
| ചെലവ് | 86078 |
| ബിൽ നം | 7/18-19/26.5.2018 |
| കരാറുകാരൻ | സുധീഷ്.യു |
| എം.ബുക്ക് നം. | 147/17-18 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -3/2.12.19 ) മറുപടിയായി പൊളിച്ചുമാറ്റിയ ഉരുപ്പടികളുടെ വില നിശ്ചയിച്ച് കരാറുകാരിൽ നിന്നും

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-32 നീക്കം ചെയ്ത പഴയ മോട്ടോർ പഞ്ചായത്തിൽ ഏല്പിച്ചില്ല

(എ)കയറംക്കുടം കുടിവെള്ള പദ്ധതിയുടെ (pro.105/19)നിലവിലുള്ള പ്രവർത്തന രഹിതമായ മോട്ടോർ മാറ്റി പകരം 7.5 HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തതിന് 149722 രൂപ ബിൽ നം.21/18-19/26.11.2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചതായി കാണുന്നില്ല.

(ബി) മഠത്തിൽകുളം വലിയപറമ്പ് കുനിയൻചോല കുടിവെള്ള പദ്ധതിയുടെ(pro.126/19-CFC)ഭാഗമായി കുനിയൻചോല കുടിവെള്ള പദ്ധതിയിലെ നിലവിലുള്ള മോട്ടോർ കേടുവന്നതിനാൽ അവ മാറ്റി പുതിയ 5HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തിയും 215 m പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ചെയ്തതിന് 213965 രൂപ ബിൽ നം.19/18-19/26.11.2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിലെ പഴയ മോട്ടോറും പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -3/2.12.19 ) മറുപടിയായി നീക്കംചെയ്യപ്പെട്ട മോട്ടോറുകൾ തിരികെ ലഭ്യമാക്കി പഞ്ചായത്തിൽ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മോട്ടോറുകൾ റിപ്പയർ ചെയ്ത് പുനരുപയോഗിക്കുന്നതിനോ അല്ലാത്തപക്ഷം ലേലം ചെയ്ത് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# 1-33 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിലെ പൊതു അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്തു പ്രവൃത്തികളിലെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തി പൂർത്തീകരണത്തിനായി കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ സമർപ്പിക്കുന്ന മിക്ക അപേക്ഷകളിലും തീയ്യതി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണത്തിന് കൂടുതൽ സമയം ആവശ്യമുള്ളപക്ഷം കരാർ പ്രകാരമുള്ള പൂർത്തീകരണത്തിന് മുമ്പുതന്നെ കരാറുകാരൻ അതിനുള്ള അപേക്ഷ സമർപ്പിക്കണമെന്ന് പൊതുമരാമത്തു മാന്വൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ അപേക്ഷയിലെ തീയ്യതിക്ക് അതീവ പ്രാധാന്യമുണ്ട്.

2. പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ച നൽകിയ സംഗതികളിൽ ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന കുറിപ്പ് മിക്ക ഫയലുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടില്ല.

3.മിക്ക പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നു. പദ്ധതി തയ്യാറാക്കുന്നതിനുമുമ്പായി പദ്ധതി പ്രദേശം സന്ദർശിച്ച് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് മിക്കതിലും പുതുക്കേണ്ടിവരുന്നത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് സൂചിപ്പിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -3/2.12.19 ) മറുപടിയായി മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

# 1-34 ടെന്ററർ ഫോറത്തിന്ററെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ അസി.എഞ്ചിനീയറുടെ ഓഫീസിൽ രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി 106 ടെന്റർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി രശീതി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 2500 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -13/4.12.19) മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

# 1-35 പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കു പുറത്ത് നിർവ്വഹിച്ചു.

| | |
|---|---|
| പ്രവൃത്തി | തെരയംകോട് റോഡ് കോൺക്രീറ്റിംഗ് |
| [illegible] | [illegible] |

| | |
|---|---|
| പ്രൊജക്റ്റ് നം | 47/19 (SCP) |
| അടങ്കൽ | ~~200000~~ |
| ചെലവ് | 200000 |
| ബിൽ നം | 10/18-19/30.10.18 |
| കരാറുകാരൻ | ശ്രീ. അർജ്ജുൻ |
| എം.ബുക്ക് നം. | 31/18-19 |

പട്ടികജാതി കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന് 2018-19 വർഷത്തെ പദ്ധതി മാർഗരേഖയിൽ – (ജി.ഒ(എം.എസ്)11/18/21.1.18) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം നിർവഹിക്കപ്പെട്ട പ്രവർത്തി മുഴുവൻ തെരയംകോട് കോളനിക്കു പുറത്താണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ ഗുണം കോളനിവാസികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും കോളനിക്കു പുറത്തുള്ള പ്രവൃത്തി ജനറൽ ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/6.12.19 നുള്ള മറുപടിയിൽ ഭാവിയിൽ എസ്.സി.പി. ഫണ്ട് കോളനിക്കകത്തുള്ള പ്രവർത്തികൾക്ക് മാത്രം വിനിയോഗിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-36 പട്ടികജാതി വനിത വിപണന പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രവൃത്തി | പട്ടികജാതി വനിത വിപണന പരിശീലന കേന്ദ്രം |
| പ്രൊജക്റ്റ് നം | 127/19 (SCP) |
| അടങ്കൽ | 750000 |
| | |

| | |
|---|---|
| ചെലവ് | 709721 |
| ബിൽ നം | 14/18-19/30.10.18 |
| കരാറുകാരൻ | ശ്രീ.വിനോദ് |
| എം.ബുക്ക് നം. | 183/17-18,33/18-19. |

പട്ടികജാതി വനിതകൾക്ക് വിവിധ മേഖലകളിലുള്ള തൊഴിൽ പരിശീലനം നൽകുന്നതിനായി അമ്പലപ്പറമ്പ് കോളനിയുടെ പരിസരത്ത് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച നൽകിയ പകൽവീട് കെട്ടിടത്തിന്റെ മുകളിൽ 709721 രൂപ ചെലവഴിച്ച് വനിതാ വിപണന പരിശീലന കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിശീലനത്തിനായി പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് 5.12.19 ന് നടത്തിയ പ്രാദേശികപരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി മാർഗരേഖ- (ജി.ഒ(എം.എസ്)72/17/29.3.17)- ഖണ്ഡിക 13.1.(3) പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകളും പൊതുസൗകര്യവികസനത്തിനുള്ള പ്രൊജക്ടുകളും മാത്രമാണ് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർവഹിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശീലനകേന്ദ്രം മേൽഗണത്തിൽ ഉൾപ്പെടാത്തതിനാൽ ഇത്തരം കെട്ടിടങ്ങൾ പൊതുഫണ്ട് വിനിയോഗിച്ച് മാത്രമേ നിർമ്മിക്കാവൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ വനിതാ വിപണന പരിശീലനകേന്ദ്രത്തിനുള്ള കെട്ടിടം എസ്.സി.പി.ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22/6.12.19 നുള്ള മറുപടിയിൽ ഇത്തരം പ്രവർത്തികൾ ഭാവിയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്. പരമാവധി എസ്.സി. വിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുവാനായി കെട്ടിടം ഉപയോഗപ്പെടുത്തേണ്ടതുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2008-09 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പള്ളിപ്പാടം പകൽവീട് കെട്ടിടം (കെട്ടിട നമ്പർ 9/196 ) നിലവിൽ കാടുകയറി ഉപയോഗശൂന്യമായി കിടക്കുന്നതായും പ്രാദേശികപരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഗ്രാമസഭ കൂടുന്നതിനും തിരഞ്ഞെടുപ്പിനുള്ള പോളിംഗ് ബൂത്തായും ഉപയോഗപ്പെടുത്തിയതിന്റെ ലക്ഷണങ്ങൾ കെട്ടിടത്തിൽ അവശേഷിക്കുന്നുണ്ട്. 3 കട്ടിലുകളും 4 തയ്യൽമെഷിനുകളും കെട്ടിടത്തിൽ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. നിഷ്ക്രിയ ആസ്തികളെ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



പള്ളിപ്പാടം പകൽവീട്

# 1-37 തൊഴിലുറപ്പു പദ്ധതി- രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

തൊഴിലുറപ്പ പദ്ധതി പ്രകാരം വൈവിധ്യമാർന്ന വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർവ്വഹണരേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകം കണ്ടെത്തി.

പട്ടിക 1 ഖണ്ഡിക 5 ൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ പ്ലാന്റേഷൻ പ്രവർത്തനങ്ങൾ, ബി.പി.എൽ വീടുകളിൽ മൾച്ചിങ് പിറ്റും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളും, പൊതുഭൂമിയിലെ ഭൂവികസന പ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി പ്രവൃത്തികൾ നിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളത് പരിശോധിക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ, ഓരോ ഗുണഭോക്താക്കളുടെയും ഭൂമിയിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തിയുടെ അളവ്, എന്നിവയുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താതെതന്നെ ആകെ അളവ് രേഖപ്പെടുത്തുകയും തുക അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. ആയത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ -14/4.12.19) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## ഭാഗം-2

പരാമർശങ്ങൾ ഒന്നുമില്ല

ഭാഗം-3

പരാമർശങ്ങൾ ഒന്നുമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11-07-2019 & 12-07-2019 | KSAPKD21/997/2019(24)/26.8.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 732927 | ഉഴവ് കൂലി | 732927 | |
| | 2018-19 | 198215 | ലൈഫ് (ജനറൽ) | 198215 | |
| | 2018-19 | 200000 | പാൽ സബ്സിഡി | 200000 | |
| പഞ്ചായത്ത് | 2018-19 | | | | |
| | | 119314 | ലൈഫ് | 98120 | 21194 |
| | | 200000 | പാൽ സബ്സിഡി | 200000 | |
| | 2018-19 | 875000 | ഉഴവ്കൂലി | 875000 | |
| | | | ഉഴവ് കൂലി- എസ്.സി | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 98/18-19 സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 1) 4/19 തീ 21.05.18<br>2) 9/19 തീ 29.06.18 | 106000<br>4586<br>ആകെ 110586 | 106000<br>4586 |
| PWD | 90/18-19 വടശ്ശേരി അങ്കണവാടി നിർമ്മാണം | 1)29/19 തീ.14.01.19<br>2)30/19 തീ.14.01.19<br>3)1375951 /25.01.2019 (ബ്ലോക്ക് വിഹിതം ) | 1)100000<br>2) 80000<br>3) 400000<br>ആകെ 580000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4983665 രൂപ വരവുണ്ട്. 4983665 രൂപ വിനിയോഗിച്ചിട്ടുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചട യ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ ലോൺ – ലൈഫ് പദ്ധതി | 2018-19 | 4983665 | 0 | 0 | 0 | 4983665 |
| ഇ.എം.എസ് ലോൺ | G.O(P) 6598400 | 6598400 | 2149836 | 800000 | | 1349836 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 213782 |
| തൻവർഷം നിക്ഷേപിച്ച തുക -പലിശ | 17637 |
| ആകെ | 231419 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 231419 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 01 | തട്ടുക്കശ്ശേരി കോഓപറേറ്റീവ് ബാങ്ക് | 24.4.18 (wef 16.3.18) | 2 year | 231419 | 31.3.19 വരെയുള്ള പലിശ ഉൾപ്പെടെയുള്ള തുക |
| ആകെ | | | | 231419 | |

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 52614761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49463008 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 120286 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| | | | ഒന്നുമില്ല |

ഭാഗം-1 ൽ പരാമർശിച്ചിട്ടുള്ള ഖണ്ഡികകളിൽ ഭരണതല നടപടികളിലൂടെ ഈടാക്കേണ്ട തുകയുടെ വിവരങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 3840 | ബാലകൃഷ്ണൻ, പുളിക്കൽ സെക്രട്ടറി |
| 1-28 | 15803 | ഹരികൃഷ്ണൻ.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 74624 | തുളസി.കെ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 7030 | ഹരികൃഷ്ണൻ.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 12282 | തുളസി.കെ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 6707 | തുളസി.കെ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 120286 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 60000 | ഡോ.ശ്രീജിത്ത്.വി.വി<br>വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീജിത്ത്.വി.വി<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കേരളശ്ശേരി ഗ്രാമപഞ്ചായത്ത് | ഗംഗോത്രി,<br>റോസ് ഗാർഡൻ<br>കല്ലേക്കുളങ്ങര<br>ഒലവക്കോട്-678002 |
| ബാലകൃഷ്ണൻ, പുളിക്കൽ<br>സെക്രട്ടറി | സെക്രട്ടറി | ശ്രീകൃഷ്ണ ശ്രീ,<br>കാട്ടുകുളം-679514 |
| ഹരികൃഷ്ണൻ.വി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ആംസൺ വില്ല,<br>കടമ്പഴിപ്പുറം,<br>പാലക്കാട്-678 633 |
| തുളസി.കെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ദേവാങ്കണം,<br>ധോണി പി.ഓ,<br>പാലക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-12/467/2003/ 03-07-2003 | F.R |
| 1997-98 | എൽ.എഫ്.പി.12/505/2003/ 05-072003 | F.R |
| 1998-99 | എൽ.എഫ്.പി.12/999/05/ 15-02-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി.12/1683/07/ 21-01-2008 | F.R |
| 2000-01 | എൽ.എഫ്.പി.12/1684/07/ 21-01-2008 | F.R |
| 2001-02 | എൽ.എഫ്.പി.12/80/09/ 18-08-2009 | F.R |
| 2002-03 | എൽ.എഫ്.പി.12/81/09/ 26-06-2009 | F.R |
| 2003-04 | എൽ.എഫ്.പി.17/228/10 /22-09-2010 | F.R |
| 2004-05 | എൽ.എഫ്.പി.17/1460/10/ 16-08-2010 | F.R |
| 2005-06 | എൽ.എഫ്.പി.17/567/10/ 27-10-2010 | FR |
| 2006-07 | എൽ.എഫ്.പി.12/85/2009/ 05-02-2010 | FR |
| 2007-08 | എൽ.എഫ്.പി.17/1202/10/ 14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.17/1203/ 2010/14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി.17/748/12/ 03-07-2012 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി.17/1436/13/ 06-11-13 | FR |
| 2011-12 | എൽ.എഫ്.പി.17/232/14/ 07-03-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.17/390/15/ 18-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി17/1010/16 തീ.15.07.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി17/2140/16 തീ.31/12/16 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി പി17-1361/2017, തീ.26.09.2017. | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി പി17-168/2019, തീ.20.02.2019 | |

ഡെപ്യൂട്ടി ഡയറക്ടർ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-പി.കെ.ഡി-21/997/2019(24)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലി നായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

<u>2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
2. വാല്യൂ ബേസ്ഡ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല
4. ജനറൽ പർപ്പസ് ഗ്രാന്റ് - അപ്രോപ്രിയേഷൻ രജിസ്റ്ററിലേയും(8058063) വാർഷിക കണക്കിലേയും (RP-7 - 7829752) വരവുകൾ പൊരുത്തപ്പെടുന്നില്ല

5. MNREGS – രജിസ്റ്ററിലേയും വാർഷികകണക്കിലേയും തുകകൾ പൊരുത്തപ്പെട്ട ന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(24)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

Certificate

Certified that I have examined the Annual Financial Statement of Keralassery Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Keralassery Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

Annexure

Abstract Defects/Discrepancies

1. Accuracy of Asset value in balance sheet could not be verified since the asset register is not made up to date and linked with Sankhya.

2. Stock register is not kept value based.

3. Property tax demand, collection and balance in Sanchaya does not agree with that of AFS.

4. General Purpose Grant Receipt – Figures in Appropriation Register ( 8058063 ) does not match with that of AFS (RP-7 - 7829752)

5. MNREGS – Receipt & Expenditure in AFS does not agree with Register.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1995439.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 69608.00 |
| 140000000 | Fee & User Charges | I-4(b) | 818493.00 |
| 150000000 | Sale & Hire Charges | I-5(b) | 91050.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101371590.00 |
| 170000000 | Income from Investments | I-7 | 49477.00 |
| 171000000 | Interest Earned | I-8 | 6096.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 104401753.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8323726.00 |
| 220000000 | Administrative Expenses | I-11(b) | 602104.00 |
| 230000000 | Operations & Maintenance | I-12(b) | 535743.00 |
| 240000000 | Interest & Finance Charges | I-13 | 9400.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5626116.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42861080.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 101930.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 198385.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 34757700.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 9183642.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 40000.00 |
| 272000000 | Depreciation | I-17(a) | 2174498.00 |
| | Total Expenditure | | 104414324.00 |
| | Gross Surplus/ Deficit of income over Expenditure | | -12571.00 |
| 280000000 | Prior Period Item | I-18 | -439601.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 427030.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Keralasseri Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 956253.00 |
| Cash | Cash | RP-40(a) | 5681.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 469040.00 |
| 130000000 | Rental income from Panchayat Properties | RP-3 | 26000.00 |
| 140000000 | Fees & User Charges | RP-4 | 771193.00 |
| 150000000 | Sale & Hire Charges | RP-5 | 91050.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36416252.00 |
| 171000000 | Interest Earned | RP-9 | 6096.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6545675.00 |
| 350000000 | Other Liabilities | RP-36 | 42455.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 384.00 |
| 330000000 | Secured Loans | RP-32 | 4983665.00 |
| 340000000 | Deposits Received | RP-34 | 55018.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 97501.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2064953.00 |
| 460000000 | Loans, Advances and Deposits | RP-47 | 83545.00 |
| | Grand total | | 52614761.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2711248.00 |
| 220000000 | Administrative Expenses | RP-12 | 602104.00 |
| 230000000 | Operations & Maintenance | RP-13 | 535743.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5051116.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 15412076.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 101930.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 198385.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 453000.00 |
| 255000000 | Maintenance Projects | RP-20 | 9183642.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 40000.00 |
| 280000000 | Prior Period item | RP-26 | -46882.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1237762.00 |
| 350000000 | Other Liabilities | RP-36 | 4059729.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 9400.00 |
| 280000000 | Prior Period Item | RP-26 | -277.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 590413.00 |
| | Other Liabilities | RP- | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1283817.00 |
| 410000000 | Fixed Assets | RP-38 | 6434653.00 |
| 412000000 | Capital work in Progress | RP-40 | 632366.00 |
| 460000000 | Loans, Advances and Deposits | RP-47 | 972783.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3113209.00 |
| Cash | Cash | RP-40(b) | 38544.00 |
| | Grand Total | | 52614761.00 |

| Keralasseri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35095214.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 27229.00 |
| 312000000 | Reserves | B-3 | 26370123.00 |
| | Total Reserve & Surplus | | 61492566.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2126975.00 |
| | Total Grants, Contributions for Specific Purposes | | 2126975.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6333501.00 |
| | Total Loans | | 6333501.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 416816.00 |
| 350000000 | Other Liabilities | B-9 | 497195.25 |
| | Total Current Liabilities and Provisions | | 914011.25 |
| | TOTAL LIABILITIES | | |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 70867054.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 62775320.00 |
| 411000000 | Accumulated Depreciation | B-11 | -2406530.00 |
| 412000000 | Capital Work in Progress | B-11(a) | 205731.00 |
| | Total Fixed Assets | | 60574521.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 231419.00 |
| | Total Investments | | 231419.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 6333501.00 |
| 450000000 | Cash and Bank Balance | B-17 | 3151753.00 |
| 460000000 | Loans, Advances and Deposits | B-18 | 575860.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 10061114.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 70867054.00 |

ഡെപ്യൂട്ടി ഡയറക്ടർ